**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** **13-01-2021 - ല്‍ മറുപടിയ്ക്ക്**

**സഹകരണ സംഘാംഗങ്ങള്‍ക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാന്‍ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണസംഘങ്ങളില്‍ അംഗങ്ങളായ മാരകരോഗം ബാധിച്ചവര്‍ക്കുള്ള ധനസഹായ വിതരണത്തിന്റെ പുരോഗതി അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളില്‍ നിന്നും അപേക്ഷകള്‍ ലഭ്യമാക്കി ഇവ പരിശോധിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാര്‍ ആഫീസില്‍ പ്രത്യേക സെല്‍ രൂപീകരിച്ച് അര്‍ഹതപ്പെട്ട അപേക്ഷകര്‍ക്ക് അടിയന്തിരമായി ആനുകൂല്യം ലഭ്യമാക്കുന്ന തിനുള്ള നടപടി കൈക്കൊണ്ട് വരുന്നു. |
| (ബി) | ഏതൊക്കെ രോഗങ്ങള്‍ ബാധിച്ചവര്‍ക്കാണ് സഹകരണ സ്ഥാപനങ്ങളില്‍ നിന്നുള്ള ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അര്‍ബുദം, വൃക്ക മാറ്റിവയ്ക്കല്‍ ശസ്ത്രക്രിയ, കരള്‍ മാറ്റി വയ്ക്കല്‍ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവര്‍, ഗുരുതര കരള്‍ രോഗം ബാധിച്ചവര്‍ (ലിവര്‍ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവര്‍ (ബൈപ്പാസ്/ ഓപ്പണ്‍ ഹാര്‍ട്ട് സര്‍ജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവര്‍, എച്ച്.ഐ.വി. ബാധിതര്‍, അപകടത്തില്‍ പെട്ട് ശയ്യാവലംബരായവര്‍ എന്നിവര്‍ക്കും മാതാപിതാക്കള്‍ മരിച്ചു പോയ സാഹചര്യത്തില്‍ അവര്‍ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂര്‍ത്തിയാവാത്ത കുട്ടികള്‍ എന്നിവര്‍ക്കുമാണ് അംഗസമാശ്വാസനിധി പ്രകാരം ധനസഹായം അനുവദിക്കുന്നത്. |
| (സി) | സഹകരണസംഘാംഗങ്ങള്‍ക്ക് മേല്‍സൂചിപ്പിച്ച ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | എ) ഫണ്ടില്‍ നിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം. 1. മെമ്പര്‍ റിലീഫ് ഫണ്ടില്‍ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി നിര്‍ദ്ദിഷ്ട ഫോറത്തിലുള്ള (ഫോറം നം.(1)) അപേക്ഷകന്‍ താഴെ (ii)-ല്‍ പറയുന്ന രേഖകള്‍ സഹിതം അപേക്ഷ സമര്‍പ്പിക്കേണ്ടതാണ്. ii. അപേക്ഷയോടൊപ്പം അപേക്ഷകന്‍ താഴെപ്പറയുന്ന രേഖകള്‍ ഉള്ളടക്കം ചെയ്യേണ്ടതാണ്. 1. അപേക്ഷകന്‍ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ആഫീസര്‍ നല്‍കുന്ന വരുമാന സര്‍ട്ടിഫിക്കറ്റ്. 2. ഫോട്ടോ പതിച്ച തിരിച്ചറിയല്‍ രേഖകളുടെ |

സാക്ഷ്യപ്പെടുത്തിയ പകർപ്പ്. 3. അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സ രേഖകൾ (ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ചാർജ് സമ്മറിയും അനുബന്ധ ചികിത്സ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തിയതിനുശേഷം സംഘം/ ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ. 4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. ബി) ധനസഹായം അനുവദിക്കുന്നതി ലേയ്ക്കായി അപേക്ഷകൻ സമർപ്പിക്കേണ്ട (എ) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രേഖകൾ സംഘത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് (ഫോറം നമ്പർ 2) ചീഫ് എക്സിക്യൂട്ടീവ് നൽകേണ്ടതും, ഇപ്രകാരമുള്ള അപേക്ഷകൾ ഇതിനായുള്ള പ്രത്യേക രജിസ്റ്ററുകളിൽ സംഘം രേഖപ്പെടുത്തേണ്ട തുമാണ്. സി) സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണസമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും, രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ട് എടുത്ത ഭരണ സമിതി തീരുമാനവും, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘ ത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യ പത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യൂവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്. ഡി)സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്. ഇ) അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ഉന്നതതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്. എഫ്) മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷ ഉന്നതതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അനുവദിച്ച ധനസഹായ തുകയുടെ ചെക്കും ഉത്തരവും

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട സംഘങ്ങൾക്ക് അയച്ചുകൊടുക്കുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അപേക്ഷകനും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരവും നൽകുന്നതാണ്. ജി) ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. എച്ച്) ചെക്ക് ലഭിക്കുന്ന മുറയ്ക്ക് സംഘം അപേക്ഷകന് ധനസഹായത്തുക നൽകേണ്ടതും, ധനസഹായം അനുവദിച്ച തുകയുടെ വിശദാംശം അടുത്തതായി കൂടുന്ന പൊതു യോഗത്തിന്റെ അറിവിലേയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. ഐ) മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല. ജെ) ഈ സ്കീമിൽ നിന്നും ധനസഹായം നൽകുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയ മായിട്ടായിരിക്കും. സ്കീമിൽ നിന്നും ധനസഹായം ലഭിക്കുന്നത് ഒരു അംഗത്തിന്റെ അവകാശമല്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ച കുടുംബത്തിൽ പ്പെട്ടവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. |
| (ഡി) | സംസ്ഥാനത്ത് ഇതുവരെ ആകെ എത്ര തുകയാണ് മേൽസൂചിപ്പിച്ച പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | 2018 സാമ്പത്തിക വർഷം പ്രളയ ദുരന്തത്തിൽപെട്ട് വീടും സ്വത്തുക്കളും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിലേയ്ക്കായുള്ള CARE home പദ്ധതിയിലേയ്ക്ക് 35 കോടി രൂപ അംഗസമാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ